## ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പ്

## പരിപത്രം

നമ്പർ 117/2018/ധന

*തിരുവനന്തപുരം, 2018 ഡിസംബർ 12*

വിഷയം :- സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP) - ഗുണഭോക്താക്കളുടെ വിവരശേഖരണവുമായി ബന്ധപ്പെട്ട് തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1) സ.ഉ.(അച്ചടി) നം. 54/17/ധന തീയതി 24/04/2017.
2) സർക്കുലർ നം. 28/18/ധന തീയതി 04/04/2018.
3) സർക്കുലർ നം. 54/18/ധന തീയതി 18/06/2018.
4) സർക്കുലർ നം. 73/18/ധന തീയതി 07/08/2018.
5) സർക്കുലർ നം. 84/18/ധന തീയതി 15/09/2018.
6) സർക്കുലർ നം. 97/18/ധന തീയതി 23/10/2018.

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട്, ടെണ്ടർ നടപടികൾക്ക് മുന്നോടിയായി ജീവനക്കാരുടേയും പെൻഷൻകാരുടേയും വിവരശേഖരണം സൂചനപ്രകാരമുള്ള സർക്കുലറുകളിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് പുരോഗമിക്കുന്നു. ടെണ്ടർ നടപടികൾ അടിയന്തരമായി പൂർത്തികരിച്ച് നിർദ്ദിഷ്ട ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിൽ വരുത്തുന്നതിനായി ചുവടെ ചേർക്കുന്ന തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i. സംസ്ഥാന സർക്കാർ ജീവനക്കാരുടേയും സംസ്ഥാന സർക്കാരിൽ നിന്നും ഗ്രാൻഡ്-ഇൻ-എയിഡ് സ്വീകരിച്ചുവരുന്ന സർവകലാശാലകളിലേയും തനതു ഫണ്ടിൽ നിന്നും ശമ്പളവും പെൻഷനും കൈപ്പറ്റുന്ന സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാരുടേയും പെൻഷൻകാരുടേയും വിവരം 30/11/2018 തീയതിക്കകം ബന്ധപ്പെട്ട നോഡൽ ഓഫീസർ മുഖേന ധനകാര്യ വകുപ്പിനു കൈമാറണമെന്നു സൂചന 5 ലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത സമയ പരിധിക്കുള്ളിൽ എല്ലാ വകുപ്പുകളും/സ്ഥാപനങ്ങളും വിവരം ലഭ്യമാക്കിയിട്ടില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. മേൽ സാഹചര്യത്തിൽ 15/12/2018 തീയതിക്കുള്ളിൽ എല്ലാ സ്ഥാപന/വകുപ്പ് തല നോഡൽ ഓഫീസർമാരും വിവരം ആവശ്യപ്പെട്ടതു പ്രകാരം നൽകേണ്ടതാണ്.

ii. സ്ഥാപന/വകുപ്പ തല നോഡൽ ഓഫീസർമാർ ലഭ്യമാക്കുന്ന വിവരങ്ങൾ, ധനകാര്യ (ഐ.ടി.എസ്.എഫ്) വകുപ്പ്, പദ്ധതിക്കു വേണ്ടി തയ്യാറാക്കിയിട്ടുള്ള മെഡിസെപ്പ് സോഫ്റ്റ് വെയറിൽ പോർട്ട് ചെയ്യേണ്ടതും പ്രസ്തുത വകുപ്പുകളിലും/സ്ഥാപനങ്ങളിലും ഡി.ഡി.ഒ തലങ്ങളിൽ ആവശ്യമായ ലോഗ് ഇൻ സൗകര്യം നൽകി ആയതിന്റെ പ്രവർത്തന ക്ഷമത 20/12/2018 തീയതിക്കകം ഉറപ്പു വരുത്തേണ്ടതുമാണ്.

iii. ബന്ധപ്പെട്ട എല്ലാ ഓഫീസർമാരും മെഡിസെപ്പ് വെബ് സൈറ്റിൽ (**www.medisep.kerala.gov.in**) ലഭ്യമാക്കിയിട്ടുള്ള യൂസർ മാനുവലിന്റെ സഹായത്താൽ തങ്ങൾക്ക് അനുവദിച്ചിട്ടുള്ള ലോഗ് ഇൻ സൗകര്യം ഉപയോഗിച്ച് അതത് വകുപ്പുമായി ബന്ധപ്പെട്ട് പോർട്ട് ചെയ്യപ്പെട്ട വിവരങ്ങളുടെ ഓൺലൈൻ വെരിഫിക്കേഷൻ 31/12/2018 തീയതിക്കകം പൂർത്തിയാക്കേണ്ടതാണ്.

iv. സംസ്ഥാന സർവീസ് പെൻഷൻകാരുടെ വിവര ശേഖരണം നടത്തുന്നതിനായി എല്ലാ പെൻഷൻകാരും നിർദ്ദിഷ്ട പ്രഫോർമ പൂരിപ്പിച്ച് ട്രഷറി വകുപ്പിനു 15/11/2018 തീയതിക്കകം നൽകുന്നതിനു സൂചന 5 ലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത തീയതിക്കു ശേഷം ഏതെങ്കിലും പെൻഷൻകാർ പ്രഫോർമ നൽകുവാൻ ശേഷിക്കുന്നുണ്ടെങ്കിൽ ആയത് 20/12/2018 തീയതിക്കകം ബന്ധപ്പെട്ട ട്രഷറി അധികാരികൾക്ക് സമർപ്പിക്കേണ്ടതാണ്.

v. അപ്രകാരം സമർപ്പിക്കപ്പെട്ടിട്ടുള്ള പ്രഫോർമയിലെ വിവരങ്ങൾ മെഡിസെപ്പ് വെബ് സൈറ്റിൽ (**www.medisep.kerala.gov.in**) ലഭ്യമാക്കിയിട്ടുള്ള യൂസർ മാനുവലിന്റെ സഹായത്താൽ ട്രഷറി അടിസ്ഥാനത്തിൽ നൽകിയിട്ടുള്ള ലോഗ് ഇൻ സൗകര്യം ഉപയോഗിച്ച് 31/12/2018 തീയതിക്കകം മെഡിസെപ്പ് വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള സോഫ്റ്റ് വെയറിലേക്കു പോർട്ട് ചെയ്യേണ്ടതാണ്.

vi. മുൻ ഖണ്ഡികകളിൽ പ്രതിപാദിച്ചിരിക്കുന്ന സമയപരിധിക്കു ശേഷം ലഭ്യമാകുന്ന അപേക്ഷകൾ ബന്ധപ്പെട്ട അധികാരികൾ സ്വീകരിക്കേണ്ടതും ആയത് തുടർ നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

vii. നിർദ്ദിഷ്ട ആരോഗ്യ പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനു ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ അനിവാര്യമാണ്. ആയതിനാൽ മേൽപ്പറഞ്ഞ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തുന്നത് അതീവ ഗൗരവമായി കാണുന്നതാണ്.

viii. മേൽപ്പറഞ്ഞ നടപടികളിൽ ഉണ്ടാകാവുന്ന സംശയങ്ങൾ സഹായക കേന്ദ്രത്തിലെ **18004251857** എന്ന ടോൾ ഫ്രീ നമ്പറിലോ 0471-2305651 എന്ന ടെലിഫോൺ നമ്പറിലോ ബന്ധപ്പെട്ട് നിവാരണം ചെയ്യാവുന്നതാണ്.

**കെ. രാജശ്രീ,**

**അഡീഷണൽ സെക്രട്ടറി (ധനകാര്യ വകുപ്പ്)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് മേധാവികൾക്കും.
അഡ്വക്കറ്റ് ജനറൽ, കേരള, എറണാകുളം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
ബഹു. ഗവർണറുടെ സെക്രട്ടറി.
ബഹു. മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
പ്രിൻസിപ്പൽ സെക്രട്ടറി/എക്സ്പെന്റിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി.
എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, അഡിഷണൽ സെക്രട്ടറി /
ജോയിന്റ് സെക്രട്ടറി/ ഡെപ്യൂട്ടി സെക്രട്ടറി / അണ്ടർ സെക്രട്ടറിമാർ.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

അക്കൗണ്ട്സ് ഓഫീസർ